**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **12-12-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടികളുടെ വാടക നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ നിലവിലുണ്ട്; | (എ) | (എ) സംസ്ഥാനത്തിൽ നിലവിൽ 7100 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത അംഗൻവാടികളുടെ വാടക സർക്കാർ യഥാസമയം നൽകാതെ മാസങ്ങൾക്ക് ശേഷം നൽകുന്നതിനാൽ, അതാത് മാസം കെട്ടിട ഉടമകൾക്ക് നൽകേണ്ട വാടക തുച്ഛവരുമാനക്കാരായ അങ്കണവാടി ജീവനക്കാർ നൽകേണ്ടതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് PFMS മുഖേന നടപ്പിലാക്കണമെന്നാണ് കേന്ദ്ര നിർദേശമുണ്ടായിരുന്നത്. സാങ്കേതിക കാരണങ്ങളാൽ PFMS നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതിനാലും കേന്ദ്ര ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലും പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ അഡ്വാൻസ് ആയി 50 കോടി രൂപ അനുവദിക്കുകയും ടി തുക വിനിയോഗിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ 2022-മാർച്ച് മുതൽ ഓഗസ്റ്റ് വരെയുള്ള വാടക 26/08/2022 നും സെപ്റ്റംബർ മുതൽ ഡിസംബർ മാസം വരെയുള്ള വാടക 07/11/2022 നും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക യഥാസമയം കെട്ടിട ഉടമകൾക്ക് മാറി നൽകുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ